

## രണ്ടാമത്
# വി.എം. ഹരിദാസ് സ്മാരക
## പുരസ്കാരം
# ശ്രീ. എൻ. വി. കൃഷ്ണന്

വയനാട്ടിലെ മികച്ച പരിസ്ഥിതി സൗഹൃദ കർഷകന് നമ്മുടെ പ്രിയ സുഹൃത്ത് വി.എം. ഹരിദാസിന്റെ പേരിൽ നൽകുന്ന പുരസ്കാരത്തിന് ഇത്തവണ അർഹനായിരിക്കുന്നത് തൃക്കൈപ്പറ്റയിലെ ശ്രീ.എൻ.വി. കൃഷ്ണനാണ്.

തൃക്കൈപ്പറ്റക്കടുത്ത് വെള്ളംകൊല്ലിയിൽ താമസിക്കുന്ന കൃഷ്ണൻ കഴിഞ്ഞ ആറുവർഷമായി ജൈവകൃഷിയുടെ ഉപാസകനാണ്. കൃഷിഭൂമിയിലെ ജൈവവൈവിധ്യങ്ങളെ ഡോക്യുമെന്റ് ചെയ്യുകയും, ഫോട്ടോയിൽ പകർത്തുകയും ചെയ്യുന്ന അദ്ദേഹം പ്രശസ്തനായ പരിസ്ഥിതി , കാർഷിക ഫോട്ടോഗ്രാഫറും പക്ഷിനിരീക്ഷകനുമാണ്. ബോംബെ നാച്ചുറൽ ഹസ്റ്ററി സൊസൈറ്റിയുടേതടക്കം ഇരുപത്തിഅഞ്ചിലധികം പുരസ്കാരങ്ങൾ ഇതുവരെ അദ്ദേഹത്തെ തേടി എത്തിയിട്ടുണ്ട്.

മൂന്നര ഏക്കർ സ്ഥലം സ്വന്തമായുള്ള കൃഷണൻ മൂന്നേക്കർവയൽ പാട്ടത്തിനെടുത്തും കൃഷി ചെയ്യുന്നു. മേപ്പാടി മൗണ്ട് താബോർ സ്കൂളിലെ കുട്ടികളുമായി ചേർന്ന് 5 ഏക്കർ സ്ഥലത്ത് കഴിഞ്ഞ അഞ്ചുവർമായി നെൽകൃഷിചെയ്തുവരുന്നു. നാടൻ ഇനങ്ങളായ ഗന്ധകശാല, വലിച്ചൂരി, എന്നിവമാത്രമാണ് കൃഷിചെയ്യുന്നത്.

കാപ്പി, കുരുമുളക്, കവുങ്ങ്, ഇരുപത്തിയഞ്ചിലതികം പച്ചക്കറി ഇനങ്ങൾ എന്നിവ കൃഷി ചെയ്യുന്നു,കൃഷ്ണൻ തന്റെ കൃഷിയിടത്തിലെ പച്ചക്കറികൾ അവശ്യക്കാർക്ക് പ്രതിഫലമില്ലാതെ മുറിച്ചെടുക്കാനായി ഒരു കത്തി സ്ഥിരമായി അവിടെ തൂക്കിയിട്ടിരിക്കുന്നു എന്ന വിചിത്രമായ ഒരു കാര്യം കൂടി പറയേണ്ടതുണ്ട്. വയലിൽ പയറുപൊടി വിതറിക്കൊടുക്കുന്നതുകൊണ്ട് അതു തിന്നാൻ വരുന്ന പുള്ളിച്ചുണ്ടൻ താറാവാണ് (**Spot -billed Duck**) എടയിളക്കുന്ന ജോലി നിർവ്വഹിക്കുന്നത്. പക്ഷികളിലൂടെയാണ് കാന്താരി, പേര, കപ്പളങ്ങ എന്നിവയുടെ വിത്തുവിതരണം സാദ്ധ്യമാക്കുന്നത്.





**Amur Phalcon** Photo N.V. Krishnan



വർഷക്കലം അവസാനിക്കാറാവുമ്പോൾ കൃഷിയിടം മുഴുവനായും കൃഷ്ണൻ പുതിയിടും. തുടർന്ന് മാസത്തിൽ മൂന്ന് നാല് പ്രാവശ്യം ജീവാമൃതം ഒഴിച്ചു കൊടുക്കും. ചാണകമല്ലാതെ മറ്റുവളങ്ങൾ ഉപയോഗിക്കാറില്ല. വിളവ് കൂടിയതല്ലാതെ കുറഞ്ഞിട്ടില്ലെന്ന് കൃഷ്ണൻ സാക്ഷ്യപ്പെടുത്തുന്നു.

സ്വന്തം കൃഷിയിടത്തിൽ 146 തരം പക്ഷികളെയും 20 തരം ചിലന്തികളെയും 25ൽ അധികം തവളകളെയും15 തരം പാമ്പുകളെയും 200 തരംപൂമ്പാറ്റകളെയും മറ്റനേകം ജീവികളെയും കൃഷ്ണൻ ഡോക്യുമെന്റ് ചെയ്യുകയും ഫോട്ടോയിൽ പകർത്തി സൂക്ഷിക്കുകയും ചെയ്യുന്നു. 25000ൽ അധികം കിലോമീറ്ററുകൾ സഞ്ചരിച്ച് മംഗോളിയയിൽ നിന്നും അമുർ ഫാൽക്കൺ (**Amur Phalcon**) എന്ന പക്ഷി ഈ വർഷം കൃഷ്ണനെകാണാൻ തൃക്കൈപ്പറ്റയിൽ എത്തിയിട്ടുണ്ട്.

നമ്മുടെ പ്രിയ സഹൃത്ത് ഹരിദാസ് ജീവിച്ച പോലെ കൃഷി തന്നെ ജീവിതമാക്കി മാറ്റിയ ശ്രീ. എൻ.വി. കൃഷ്ണന് ഭാര്യയും രണ്ട് പെൺകുട്ടികളുമാണുള്ളത്.

ഭാര്യ ജയ സംഗീതാദ്ധ്യാപികയാണ് മക്കൾ അപർണയും അഭിരാമിയും സ്കൂൾ വിദ്യാർത്ഥികളുമാണ്. ഈ വർഷത്തെ മികച്ച പരിസ്ഥിതി സൗഹൃദ കർഷകനുള്ള ഈ പുരസ്കാരം അദ്ദേഹത്തിന് നൽകുന്നതിൽ നമ്മുക്ക് അതിയായ ആഹ്ളാദമുണ്ട്.

വയനാട് പ്രകൃതി സംരക്ഷണസമിതി, ഗ്രാമജ്യോതി ഫാർമേർസ് ക്ലബ്ബ്. കല്ലൂർ
കേരള ഗ്രാമീൺ ബാങ്ക്. കല്ലൂർ, സീറോ ബജറ്റ് നാച്ചുറൽ ഫാമിങ്ങ് വയനാട്